## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **4616**   **13.03.2023** ലെ മറുപടിയ്ക്ക്

## <u>ചികിത്സാ ധനസഹായം</u>

| | <u>ചോദ്യം</u><br><br>**ശ്രീ. എ . പി . അനിൽ കുമാർ** | | <u>മറുപടി</u><br>**കെ. രാധാകൃഷ്ണൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി വിഭാഗക്കാർക്ക് അപേക്ഷ സമർപ്പിച്ച് എത്ര ദിവസത്തിനുള്ളിലാണ് ചികിത്സ ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിഭാഗക്കാർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതിന്റെ വ്യവസ്ഥകൾ അടങ്ങിയ സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; | എ) | പട്ടികജാതി വിഭാഗക്കാർക്ക്, അപേക്ഷ സമർപ്പിച്ച് 14 ദിവസത്തിനുള്ളിലാണ് ചികിത്സ ധനസഹായം അനുവദിക്കുന്നത്. ചില അടിയന്തിര സാഹചര്യങ്ങളിൽ അപേക്ഷ സമർപ്പിച്ച് അടുത്ത ദിവസം തന്നെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത വിഭാഗക്കാർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതിന്റെ വ്യവസ്ഥകൾ അടങ്ങിയ സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| ബി) | ടി-ഗ്രാന്റ്സ് പദ്ധതി മുഖേന ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള എത്ര അപേക്ഷകർക്ക് ധനസഹായം അനുവദിക്കാൻ അവശേഷിക്കുന്നുണ്ട്; പ്രസ്തുത അപേക്ഷകരുടെ ജില്ല തിരിച്ചുള്ള എണ്ണം, ആവശ്യമായ തുക എന്നീ വിവരങ്ങൾ അറിയിക്കുമോ; | ബി) | ജില്ല തിരിച്ചുള്ള വിവരം **<u>അനുബന്ധമായി</u>** ചേർക്കുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കാലതാമസം കൂടാതെ ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| സി) | വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിലുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും / വകുപ്പിൽ നിന്നും യഥാസമയം ധനസഹായം ലഭിക്കാത്തതിനാൽ പട്ടികജാതി വിഭാഗക്കാരുടെ തുടർ ചികിത്സ മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കാലതാമസം കൂടാതെ ചികിത്സാ ധനസഹായം വിതരണം ചെയ്ത് വരുന്നു. |
| ഡി) | നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെ ലഭിച്ച എത്ര | ഡി) | നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെ ലഭിച്ച 3984 അപേക്ഷകർക്ക് ധനസഹായം |

| | | | |
|---|---|---|---|
| | അപേക്ഷകർക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് നൽകാനുണ്ട്; വിവിധ ഓഫീസുകളിൽ തീർപ്പിനായി അവശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം അറിയിക്കാമോ; | | അനുവദിച്ച് ഉത്തരവ് നൽകാനുണ്ട്. വിവിധ ഓഫീസുകളിൽ തീർപ്പിനായി 4137 അപേക്ഷകൾ അവശേഷിക്കുന്നുണ്ട്. |
| ഇ) | ധനസഹായ വിതരണത്തിന് കാലതാമസം നേരിടുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; അർഹമായ മുഴുവൻ അപേക്ഷകർക്കും എന്ന് ധനസഹായം പൂർണ്ണമായും വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | ഇ) | ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ലഭ്യമായ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. അധിക തുക റീ-അപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അടിയന്തിരമായി വിതരണം ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം**</u>

| **ജില്ല** | **ധനസഹായം അനുവദിച്ച് ഉത്തരവായിട്ടും ധനസഹായം വിതരണം ചെയ്യാനുള്ള അപേക്ഷകരുടെ എണ്ണം** | **ആവശ്യമായ തുക** |
|---|---|---|
| തിരുവനന്തപുരം | 98 | 1278900 |
| കൊല്ലം | 424 | 10405000 |
| പത്തനംതിട്ട | 100 | 3000000 |
| ആലപ്പുഴ | 145 | 4770000 |
| കോട്ടയം | 0 | 0 |
| ഇടുക്കി | 224 | 4319000 |
| എറണാകുളം | 260 | 7192000 |
| തൃശ്ശൂർ | 785 | 15393000 |
| പാലക്കാട് | 863 | 28416500 |
| മലപ്പുറം | 234 | 6571500 |
| കോഴിക്കോട് | 151 | 3959500 |
| വയനാട് | 41 | 1033000 |
| കണ്ണൂർ | 16 | 450000 |
| കാസർഗോഡ് | 17 | 208000 |
| **ആകെ** | **3358** | **86996400** |

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധി - ധനസഹായ തുക വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്**

സ.ഉ (കൈ) നം.128/12/പജപവവിവ തീയതി, തിരുവനന്തപുരം 20.9.2012

================================================================================

പരാമർശം :- സ.ഉ (കൈ) നം 1/98/പജപവവിവ തീയതി 9/1/98

## <u>ഉത്തരവ്</u>

പരാമർശത്തിലെ ഉത്തരവു പ്രകാരം പട്ടികജാതി കുടുംബത്തിലെ വരുമാനദായകൻ രോഗം മൂലം മരണപ്പെടുക, കുടുംബാംഗങ്ങൾക്ക് ദീർഘ ചികിത്സ ആവശ്യമായി വരിക, തീപിടുത്തം, പ്രകൃതിക്ഷോഭം എന്നിവമൂലം അത്യാവശ്യമായി ചെലവുകൾ വേണ്ടിവരിക തുടങ്ങിയ അത്യാഹിത സന്ദർഭങ്ങളിൽ 25,000/- രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർക്ക് വകുപ്പ് മന്ത്രിയുടെ നാമധേയത്തിലുള്ള ദുരിതാശ്വാസ നിധിയിൽ നിന്ന് 25,000/- രൂപ വരെ ധനസഹായമായി അനുവദിച്ചു വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം അനുവദിച്ചുവരുന്ന ചികിത്സാ ധനസഹായം 50,000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി കുടുംബത്തിലെ വരുമാനദായകനായ വ്യക്തി അപകട മരണത്തിന് ഇരയായാൽ അത്തരം കുടുംബങ്ങൾക്ക് 50,000/- രൂപ ധനസഹായമായി അനുവദിച്ച് നൽകുന്നതിനും, പ്രകൃതി ക്ഷോഭംമൂലം വീടിനും വസ്തുവകകൾക്കും നാശനഷ്ടം ഉണ്ടാകുന്ന പട്ടികജാതിക്കാർക്ക് 50,000/- രൂപ വരെ ധനസഹായമായി അനുവദിച്ച് നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

നിർധനരും മാരകമായ രോഗം ബാധിച്ചവരുമായ പട്ടികജാതിക്കാർക്ക് ഒരു ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതാണെന്ന് 2012-2013 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ

[illegible] ഇതിന്റെ അടിസ്ഥാനത്തിൽ ചികിത്സാ രംഗത്ത് ഉണ്ടായ മാറ്റങ്ങളും വർദ്ധിച്ചു വരുന്ന ചികിത്സാ ചിലവുകളും പരിഗണിച്ച്, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രീയ, ഡയാലിസിസ്, ബ്രെയിൻട്യൂമർ, ക്യാൻസർ, പക്ഷാഘാതം, ഹീമോഫിലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സക്കായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധനരായ രോഗികൾക്ക് നൽകുന്ന ധനസഹായം 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക ബന്ധപ്പെട്ട രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിക്ക് നേരിട്ട് നൽകേണ്ടതാണ്.

ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള വാർഷിക കുടുംബ വരുമാന പരിധി 25,000/- രൂപയിൽ നിന്ന് 50,000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശ ഉത്തരവ് പ്രകാരം പിന്നോക്ക പട്ടിക സമുദായ ക്ഷേമ മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിക്കപ്പെട്ട ദുരിതാശ്വാസ നിധിയുടെ പേര് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധി എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേയ്ക്കാവശ്യമായ തുക 2225-01-800-57 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതും അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ സഹായം അനുവദിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**എം.എ.ഫ്രാൻസിസ്,**
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/ (എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫിസർ, വെബ് ആന്റ് ന്യൂ മീഡിയ, ടാഗോർ തീയേറ്റർ
വഴുതക്കാട്, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്
പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്1) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

പട്ടികജാതി വികസന വകുപ്പു മന്ത്രിയുടെ നാമധേയത്തിലുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.

1. സഹായനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും സംഭാവനകൾ സ്വീകരിക്കാവുന്നതാണ്. ഇത്തരം സംഭാവനകൾ (ചെക്ക്/ഡ്രാഫ്റ്റ്) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.
2. ചികിത്സാ സഹായം ലഭിക്കുന്നതിന് അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 50,000/- രൂപയിൽ കുറവ് ആയിരിക്കേണ്ടതാണ്.
   100,000
3. ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സക്കായി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കും. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകേണ്ടതാണ്.
4. മറ്റു രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/- രൂപ വരെ ചികിത്സാ സഹായം അനുവദിക്കാം.
5. സഹായം ലഭിക്കുന്നതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫാറത്തിൽ ബന്ധപ്പെട്ടവർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.
6. 5,000/- രൂപ വരെ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർക്കും 10,000/- രൂപ വരെ പട്ടികജാതി വികസന ഡയറക്ടർക്കും 10,000/- രൂപയിൽ കൂടുതൽ വരുന്ന തുക പട്ടികജാതി വികസന വകുപ്പ് സെക്രട്ടറിക്കും അനുവദിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

7. തീപിടുത്തം മൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്ക് 50,000/- രൂപ വരെ ധനസഹായം നൽകാവുന്നതാണ്. ഇതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർക്കിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസിൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

8. കുടുംബത്തിന്റെ ഏക വരുമാനദായകന്റെ അപകട മരണത്തിന് നിബന്ധന കൾക്ക് വിധേയമായി 50,000/- രൂപ വരെ ധനസഹായം നൽകാവുന്നതാണ്. ഇതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസിൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ബഹു. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പട്ടികജാതി വിഭാഗക്കാർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് ഓൺലൈൻ സംവിധാനം നടപ്പാക്കുന്നതിന് അനുമതി നൽകിയും മാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്**

**സ.ഉ(കൈ) നം.48/2017/പജപവവിവ          തിരുവനന്തപുരം, തീയതി: 19/06/2017**

പരാമർശം:- 1. സ.ഉ(കൈ) 128/12/പജപവവിവ തീയതി 20/09/2012

2. സ.ഉ(കൈ) 35/2017/പജപവവിവ തീയതി 11/05/2017

3. കെൽട്രോൺ അസിസ്റ്റന്റ് മാനേജരുടെ 14/03/2017 ലെ ITBG/SWG/SCD 170314/755 നമ്പർ പ്രൊപ്പോസൽ.

4. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 04/05/2017, 09/05/2017 തീയതികളിലെ ഡെവ.ബി1-7833/17 നമ്പർ കത്തുകൾ

5. 01/06/2017 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ ഇനം നം.4 തീരുമാനം

## ഉത്തരവ്

മാരകമായ രോഗം ബാധിച്ചവരും ദീർഘകാല ചികിത്സ ആവശ്യമുള്ളവരുമായ പട്ടികജാതിക്കാർക്ക് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും അടിയന്തിര ചികിത്സാ ധനസഹായമായി പരമാവധി 1,00,000/-രൂപ വരെ പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം ചികിത്സാ സഹായം അനുവദിക്കാനുള്ള വരുമാന പരിധി 50,000/-രൂപയിൽ നിന്നും 1,00,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്കോ, വകുപ്പ് മന്ത്രിക്കോ നിലവിൽ അപേക്ഷ നൽകാവുന്നതാണ്. ഒരേ സമയം നിരവധി അപേക്ഷകൾ ലഭ്യമാകുന്നതിനാലും ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കാത്തതിനാലും പല തട്ടുകളിലൂടെ അപേക്ഷകൾ കടന്നു പോകുന്നതിനാലും ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ഏറ്റവും സുതാര്യമായ രീതിയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനും രോഗികൾക്ക് വളരെ വേഗത്തിൽ ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിനുമായി ചികിത്സാ ധനസഹായ പദ്ധതി ഓൺലൈനായി നടപ്പിലാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, 01/06/2017-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും പ്രസ്തുത യോഗം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ചികിത്സാ ധനസഹായ പദ്ധതി ഓൺലൈനായി കെൽട്രോണിന്റെ സഹായത്തോടെ നടപ്പാക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു. ഇതിനാവശ്യമായ 12,21,875/-രൂപ (പന്ത്രണ്ട് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി എണ്ണൂറ്റി

(ഒരു ലക്ഷത്തിയഞ്ച് രൂപ മാത്രം) "2225-01-001-94-34 (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടത്

## ഓൺലൈൻ ചികിത്സാ ധനസഹായം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ

1. അപേക്ഷകൻ വകപ്പിന്റെ ചികിത്സാ ധനസഹായത്തിനുള്ള സൈറ്റിൽ പ്രവേശിച്ച് അപേക്ഷാ ഫോറ പൂരിപ്പിച്ച ശേഷം ജാതി സർട്ടിഫിക്കറ്റ്, രോഗിയുടെ കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ് ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ അപ്ലോഡ് ചെയ്യുക. അപേക്ഷയുടെ പ്രിന്റ് ഔട്ട് ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്ക് നൽകുകയും ചെയ്യുക.

2. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസറുടെ ഇൻബോക്സിൽ ലഭ്യമാക്കുന്ന അപേക്ഷകളുടെ അർഹത ഉറപ്പുവരുത്തി ശുപാർശ സഹിതം 5 ദിവസത്തിനുള്ളിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അയയ്ക്കണം. (ഹാർഡ് കോപ്പി അയക്കേണ്ടതില്ല ആയത് പട്ടികജാതി വികസന ഓഫീസർ സൂക്ഷിക്കേണ്ടതാണ്)

3. ഗുരുതര രോഗം ബാധിച്ചവരും എം.പി/എം.എൽ.എ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കോർപ്പറേഷൻ മേയർ/നഗരസഭാ അദ്ധ്യക്ഷൻ എന്നിവരുടെ ശുപാർശയോടെ വരുന്ന അടിയന്തിര പ്രാധാന്യമുള്ള അപേക്ഷകൾ പട്ടികജാതി വികസന ഓഫീസർ നേരിട്ട് വകപ്പ് മന്ത്രിയുടെ ഓഫീസിലേയ്ക്ക് അയക്കേണ്ടതാണ്. ഇതിന് സൈറ്റിൽ പ്രത്യേക ലിങ്ക് ഉണ്ടായിരിക്കും.

4. ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഇൻബോക്സിൽ ലഭ്യമാകുന്ന അപേക്ഷകൾ സൂപ്രണ്ട്-ജില്ലാ പട്ടികജാതി വികസന ഓഫീസർ തലത്തിൽ പരിശോധിച്ച ശേഷം 5000/-രൂപ വരെ അനുവദിക്കേണ്ട അപേക്ഷകൾ ജില്ലാ പട്ടികജാതി വികസന ഓഫീസർ 3 ദിവസത്തിനുള്ളിൽ അനുവദിക്കുകയും. കൂടുതൽ ധനസഹായത്തിന് അർഹതയുള്ള അപേക്ഷകൾ നോർത്ത് സോൺ ഡെപ്യൂട്ടി ഡയറക്ടർ/സൗത്ത് സോൺ ഡെപ്യൂട്ടി ഡയറക്ടർക്ക് ഫോർവേർഡ് ചെയ്യേണ്ടതുമാണ്.

5. ഡെപ്യൂട്ടി ഡയറക്ടറുടെ ഇൻബോക്സിൽ ലഭ്യമാകുന്ന അപേക്ഷകളിൽ 10,000/-രൂപ വരെ അനുവദിക്കേണ്ട അപേക്ഷകളിന്മേൽ 3 ദിവസത്തിനകം തുക അനുവദിക്കുകയും പതിനായിരത്തിൽ കൂടുതൽ തുക അനുവദിക്കേണ്ട അപേക്ഷകൾ ഡെപ്യൂട്ടി ഡയറക്ടർ വകപ്പ് മന്ത്രിയ്ക്ക് ഫോർവേർഡ് ചെയ്യേണ്ടതുമാണ്.

6. പട്ടികജാതി വികസന വകപ്പ് മന്ത്രി ചികിത്സാ ധനസഹായം അനുവദിച്ച ശേഷം തുക അനുവദിക്കപ്പെട്ടവരുടെ ലിസ്റ്റ് പട്ടികജാതി വികസന ഓഫീസറുടെ ഇൻബോക്സിലേയ്ക്ക് അയക്കുന്നതാണ്. ഈ ലിസ്റ്റ് ഡയറക്ടറുടേയും ഡെപ്യൂട്ടി ഡയറക്ടറുടേയും ജില്ലാ പട്ടികജാതി വികസന ഓഫീസറുടേയും ഇൻബോക്സിൽ ലഭ്യമാകും.

7. ഓരോ തലത്തിലും അനുവദിക്കേണ്ട തുകയുടെ വിവരങ്ങൾ പട്ടികജാതി വികസന ഓഫീസർ/ജില്ലാ പട്ടികജാതി വികസന വകപ്പ് ഓഫീസർ/ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടർ, ബഹു. മന്ത്രി എന്നിവരുടെ ഇൻബോക്സിൽ റിപ്പോർട്ടായി ലഭിക്കും.

8. പട്ടികജാതി വികസന വകുപ്പ് മന്ത്രി/ഡെപ്യൂട്ടി ഡയറക്ടർ/ജില്ലാ പട്ടികജാതി വികസന ഓഫീസർ ചികിത്സാ ധനസഹായം അനുവദിച്ചവരുടെ ഉത്തരവ് ബന്ധപ്പെട്ട ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ/ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ സൈറ്റിൽ നിന്നും ജനറേറ്റ് ചെയ്ത് BIMS മുഖാന്തിരം ട്രഷറിയിൽ നിന്നും തുകമാറി (ഫണ്ടിന്റെ ലഭ്യതയനുസരിച്ച്) ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ 3 ദിവസത്തിനകം ക്രെഡിറ്റ് ചെയ്യേണ്ടതാണ്

9. മേൽപറഞ്ഞ പ്രകാരം തുക അനുവദിച്ച് വിതരണം നടത്തിയ ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ പ്രിന്റൗട്ട് എടുത്ത് രജിസ്റ്ററിൽ പതിപ്പിച്ച് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.പി.രമാദേവി**
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കെൽട്രോൺ തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ)കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂ സെക്ടർ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ.(വെബ് &ന്യൂ മീഡിയ,ഐ&പി.ആർ.ഡി) ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധി - ചികിത്സാ ധനസഹായത്തിനുള്ള വരുമാന പരിധി വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ (എഫ്) വികസന വകുപ്പ്**

**സ.ഉ(കൈ) നം.35/2017/പജപവവിവ** **തിരുവനന്തപുരം, തീയതി: 11/05/2017**

പരാമർശം:- (1) സ.ഉ(കൈ)നം.128/12/പജപവവിവ തീയതി 20/09/2012

(2) സ.ഉ(കൈ)നം.80/17/ത.സ്വ.ഭ.വ തീയതി 03/04/2017

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള വാർഷിക കുടുംബ വരുമാന പരിധി 50,000/-രൂപയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതി മുഖേന നൽകുന്ന ധനസഹായങ്ങൾക്കുള്ള വാർഷിക വരുമാന പരിധി ഉയർത്തികൊണ്ട് മാർഗ്ഗരേഖ പരിഷ്കരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സമാനപദ്ധതികളുടെ വരുമാന പരിധി നിലവിലുള്ള രീതിയിൽ തുടരുന്നത് പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് തടസ്സമാകും എന്നതിനാൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള വാർഷിക കുടുംബ വരുമാന പരിധി 50,000/-രൂപയിൽ നിന്നും 1,00,000/-രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.പി.രമാദേവി**

അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂ സെക്ടർ) കേരള. തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ&പി.ആർ.ഡി, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്